ഇതായിരിക്കുന്നു. എന്നാലും സുപ്രീംകോടതിയുടെ സ്റ്റേ വന്നതിനുശേഷം ഇപ്പോൾ പലരും ഇത് തുടങ്ങിയിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം നമുക്ക് നഷ്ടം വരാതെ, ഒരു നയാപൈസ നികുതി ചോർച്ച വരാത്തവിധത്തിൽ സുതാര്യമായിത്തന്നെ ഉയർന്ന ഒരു അഭിഭാഷകനെവച്ച് സുപ്രീംകോടതിയിൽ വാദിക്കുമെന്ന് ഞാൻ ഉറപ്പുപറയുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ആര്യാടൻ മുഹമ്മദ് ..... (ബഹളം) .....

ശ്രീ. മത്തായി ചാക്കോ: സർ, എനിക്ക് എന്റെ മണ്ഡലത്തിലെ ഒരു കാര്യം പറയാനുണ്ട് .....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ലാസ്റ്റിലാണ് എന്റെ ശ്രദ്ധയിൽപ്പെടുത്തിയത് ..... (ബഹളം) ..... ചെയറിനോട് സഹകരിക്കണം, റൂൾ 304 ആണ് ..... (ബഹളം) .....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെയും ശ്രീ. മത്തായി ചാക്കോയുടേയും വാദത്തിനിടയിൽ ഞാൻ ഒരു പ്രധാനകാര്യം അങ്ങയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയ്ക്ക് വിഷയമാക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ മൂന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ വയനാട്ടിൽ പോയി, എന്താണ് അതിന്റെ സ്ഥിതിയെന്നു പറഞ്ഞാൽ തരക്കേടില്ല. വയനാട്ടിലെ ആയിരത്തോളം ആളുകൾ അവരുടെ ദു:ഖത്തിന്റെ സ്ഥിതി അറിയിക്കാൻ ഈ സഭയുടെ വാതിൽക്കൽ വന്നിരിക്കുന്നു. അപ്പോൾ അവരോട് എന്താണ് പറയേണ്ടതെന്നുള്ളത് മനസ്സിലാക്കാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രിമാർ വയനാട്ടിൽ പോയതിന്റെ അനുഭവം ചെറുതായൊന്ന് വിശദീകരിച്ചാൽ നന്നായിരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കെ. എം. മാണി ഒരു സ്റ്റേറ്റുമെന്റ് നടത്തിയാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ് .....

(2) കക്കാട്ടിനടുത്ത് അമ്പലക്കുളങ്ങരയിലെ ബോംബ് സ്ഫോടനം

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കോഴിക്കോട് ജില്ലയിൽ വടകരയ്ക്കടുത്ത് കുന്നുമ്മൽ പഞ്ചായത്തിൽ കക്കാട്ടിൽ അമ്പലക്കുളങ്ങര എന്ന സ്ഥലത്ത് ബോംബു നിർമ്മാണത്തിനിടയിൽ ഒരു സ്ഫോടനമുണ്ടാവുകയും ശശി എന്നു പറയുന്ന ഒരാൾ മരണപ്പെടുകയും ലിജേഷ്, ദിനേശൻ, രാജീവൻ എന്നീ മൂന്നുപേർക്ക് പരിക്കേല്ക്കുകയും ചെയ്തു. ഇക്കാര്യം ഞാൻ വ്യാഴാഴ്ചതന്നെ സബ്മിഷനായി തന്നതാണ്. ബോംബുണ്ടാക്കുന്നതിനിടയിൽ അത് പൊട്ടിത്തെറിച്ചാണ് ഈ ആളുകൾക്ക് പരിക്കുപറ്റിയത്. അംഗൻവാടിയുടെ തൊട്ടടുത്ത മുറിയിലാണ് ഈ ബോംബുണ്ടാക്കുന്നത്. അങ്ങനെ ബോംബ് നിർമ്മിക്കുന്നതിനിടയിൽ അവിടെ പൊട്ടിത്തെറിയുണ്ടാവുകയും മൂന്ന് ആളുകൾക്ക് പരിക്കേല്ക്കുകയും ഒരാൾ മരണപ്പെടുകയും ചെയ്തു. മാതൃഭൂമി പത്രത്തിലും അതുപോലെ കേരള

LIBRARY ARCHIVES Kerala Legislative Assembly

കൗമുദിയിലും പറയുന്നത് വടകരയ്ക്കടുത്ത് കക്കാട്ടിൽ അമ്പലക്കുളങ്ങരയ്ക്കു സമീപം ബോംബ് പൊട്ടി ഒരാൾ മരിച്ചു, മൂന്ന് സി.പി.എം. അനുഭാവികൾക്ക് പരിക്കേറ്റു എന്നാണ്..... (ബഹളം) ..... പരിക്കേറ്റ ആളുകൾ സി.പി.എം. അനുഭാവികളും ഡി.വൈ.എഫ്.ഐ. പ്രവർത്തകരുമാണ്. ഞാൻ ഒന്നേ പറയുന്നുള്ളൂ, ഡി.വൈ.എഫ്.ഐ. ആണെങ്കിലും യൂത്ത് കോൺഗ്രസ് ആണെങ്കിലും ആർ.എസ്.എസ്. ആണെങ്കിലും കോൺഗ്രസ് ആണെങ്കിലും, സി.പി.എം. ആണെങ്കിലും കൊള്ളാം, ബോംബുണ്ടാക്കുന്നത് തടയാൻ സാധിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂരിലും നാദാപുരം മേഖലയിലും ബോംബു നിർമ്മാണം ഇല്ലാതായതാണ്, രാഷ്ട്രീയ കൊലപാതകം കുറഞ്ഞതാണ്, അത് വീണ്ടും ആവർത്തിക്കുകയാണ്. ഈ വീടിന്റെ ഉടമ പ്രേമി എന്നുപറയുന്ന ഒരു സ്ത്രീയാണ് .... (ബഹളം) ..... കണ്ണൂർ സെൻട്രൽ ജയിലിൽവച്ച് മരണപ്പെട്ട രവീന്ദ്രന്റെ സഹോദരിയാണ് പ്രേമി എന്നുപറയുന്ന സ്ത്രീ. അവരുടെ മകനാണ് പരിക്കുപറ്റിയ ലിജേഷ്. രവീന്ദ്രനെ കൊന്നപ്പോൾത്തന്നെ പ്രതികാരം തീർക്കുമെന്ന് പറഞ്ഞ് പ്രസ്താവനകൾ ഈ സംസ്ഥാനത്ത് വന്നിട്ടുണ്ട് എന്നുള്ള കാര്യം മനസ്സിലാക്കണം. എനിക്ക് ഇതിൽ രാഷ്ട്രീയമൊന്നുമില്ല ..... (ബഹളം) ..... പക്ഷേ മാർക്സിസ്റ്റാണെങ്കിലും കൊള്ളാം ആർ.എസ്.എസ്. ആണെങ്കിലും കൊള്ളാം, എന്തുകൊണ്ട് ആ ഭാഗത്തിരിക്കുന്ന ആളുകൾ ഇങ്ങനെയൊരു ബോംബ് കൊലപാതകം നടന്നിട്ട് ഈ ദിവസംവരെ അടിയന്തിരപ്രമേയം പോയിട്ട് സബ്മിഷൻപോലും കൊടുത്തില്ല? ഞാനവരെ കുറ്റപ്പെടുത്തുന്നില്ല ..... (ബഹളം) .....നിങ്ങൾ ബഹളം വയ്ക്കുന്നതു കൊണ്ടുമാത്രം ചില വസ്തുതകൾ പറയുന്നു, ഇന്നിവിടെ ശ്രീ. എം. മുരളി അടിയന്തിരപ്രമേയം കൊണ്ടുവന്നത് നല്ല കാര്യമാണ്. ഇതെന്തുകൊണ്ടു വന്നതാണ്? എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് പ്രതിപക്ഷത്തുനിന്നും ഇതിനെക്കുറിച്ച് അന്വേഷണം ആവശ്യപ്പെടുന്നില്ല എന്നുള്ള കാരണത്താൽ അന്വേഷിക്കാതിരിക്കാൻ പാടില്ല, ശക്തമായ അന്വേഷണം നടത്തണം. അതിൽ കുറ്റക്കാരായ ആളുകളുടെ പേരിൽ നടപടിയെടുക്കണം. ഇത്തരത്തിൽ രാഷ്ട്രീയക്കാർ ബോംബുണ്ടാക്കുന്നത് ശക്തിയായി തടയാൻ സാധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: റൂൾ അനുസരിച്ച് ഒരു സബ്മിഷൻ അനുവദിക്കണമെന്നു പറഞ്ഞ് ഒരാൾ കുറിപ്പ് തന്നു. അദ്ദേഹം അവസാനം അതെന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് ..... (ബഹളം) ..... ആ വിവരം ചെയർ അസംബ്ളിയെ അറിയിക്കുകയാണ്. നിങ്ങൾ സഹകരിക്കണം. അങ്ങയുടെ മണ്ഡലത്തിൽ നടന്ന സംഭവമാണ്. ശ്രീ. ആര്യാടൻ നേരത്തെ തന്നു. ..... (ബഹളം) ..... കീഴ്വഴക്കം അനുസരിച്ച് അതനുവദിക്കാൻ പാടില്ല. .....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: റൂൾ 304അനുസരിച്ച് ..... (ബഹളം) ..... ഒരു മെമ്പർക്ക് ഒരു വിശദീകരണം നൽകുന്നതിനുള്ള സാധ്യത കിട്ടിയാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ ബന്ധപ്പെട്ട മന്ത്രിക്കോ മറുപടി പറയാം. മറ്റൊരു വ്യക്തിക്ക് വീണ്ടും അത് സബ്മിഷനായി അനുവദിക്കുന്നതു ശരിയല്ല; കീഴ്വഴക്കമല്ല. തെറ്റായ കീഴ്വഴക്കമുണ്ടായാൽ നാളേയും അതാവർത്തിക്കേണ്ടിവരും. അതുകൊണ്ട് അങ്ങ് ദയവായി ഒരു പ്രത്യേക കീഴ്വഴക്കം ഉണ്ടാക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു പ്രത്യേക സാഹചര്യത്തിൽ ചെയർ അനുവദിച്ചതാണ് ..... (ബഹളം) .....

ശ്രീ. മത്തായി ചാക്കോ: സർ, കഴിഞ്ഞ ജൂലൈ മാസം 14-ാം തീയതി വൈകുന്നേരം അഞ്ച് മണിക്കാണ് ഈ സംഭവം എന്റെ നിയോജകമണ്ഡലത്തിലെ കുന്നുമ്മൽ പഞ്ചായത്തിലെ അമ്പലക്കുളങ്ങരയിൽ ഉണ്ടായത്. അമ്പലക്കുളങ്ങരയിൽ നിന്നും വേളത്തേയ്ക്കു പോകുന്ന ടാർ റോഡിനു നേരെ മുമ്പിലുള്ള ഒരു കെട്ടിടത്തിലാണ് ഈ സംഭവം നടന്നത്. അവിടെയൊരു അംഗനവാടിയും പ്രവർത്തിക്കുന്നുണ്ട്. പട്ടാപ്പകൽ ബോംബ് നിർമ്മാണം നടക്കുന്നുണ്ടെന്നറിഞ്ഞ് സി.ഐ.-യുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ റോന്ത് ചുറ്റുന്നുണ്ടായിരുന്നു. ഈ കെട്ടിടത്തിന്റെ തൊട്ടടുത്ത് തമിഴർ താമസിക്കുന്നുണ്ട്. ഈ വീട് വാടകയ്ക്കു കൊടുക്കുന്നതിനുവേണ്ടി അവർ പ്രേമിയോട് ആവശ്യപ്പെട്ടു. വാടകയ്ക്കു കൊടുക്കുന്നതിനുവേണ്ടി ഷെഡ് നന്നാക്കുന്ന പ്രവർത്തനം നടന്നു കൊണ്ടിരുന്നപ്പോഴാണ് ഈ സംഭവമുണ്ടായത്. ഞാൻ ആ വീട്ടിൽ പോയിരുന്നു, പ്രേമിയേയും കണ്ടു. സ്ഫോടനം നടന്ന സ്ഥലം കണ്ടു. അവിടെ പോലീസുകാരും ഉണ്ടായിരുന്നു. ആശുപത്രിയിലും പോയ ആളാണ്. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെ ഇതുമായി ഒരു ബന്ധവുമില്ലാതെ വെറുതെ പറയുന്നതല്ല. സി.പി.ഐ.(എം)-ന് ഈ സംഭവവുമായി ഒരു ബന്ധവുമില്ലെന്ന് പാർട്ടിയുടെ ജില്ലാ കമ്മിറ്റി അംഗം ശ്രീ. ദക്ഷിണമൂർത്തി വ്യക്തമാക്കിയതാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. രാഷ്ട്രീയ ദുരുദ്ദേശത്തിനുവേണ്ടി ഇതിനെ ഉപയോഗിക്കുന്നതു നിർഭാഗ്യകരമാണെന്നു മാത്രമാണ് എനിക്കു സൂചിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ശ്രീ. മത്തായി ചാക്കോയും ഇവിടെ സൂചിപ്പിച്ച പ്രശ്നം ഉണ്ടായത് 14-7-2004-നു വൈകുന്നേരം അഞ്ച് മണിക്കാണ്. യഥാർത്ഥത്തിൽ ബോംബു പൊട്ടി ഒരാൾ കൊല്ലപ്പെട്ടതുകൊണ്ട് ഞാൻ 15-ാം തീയതി ഒരു അടിയന്തിരപ്രമേയം ഉണ്ടാകുമെന്നു വിചാരിച്ച് മറുപടി പറയാൻ റെഡിയായി വന്നതാണ്. പക്ഷേ അന്ന് അടിയന്തിരപ്രമേയവും ഉണ്ടായില്ല, സബ്മിഷനും ഉണ്ടായില്ല. വളരെ വൈകിയാണ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ സബ്മിഷൻ വന്നത്. ഞാൻ കരുതിയത് ഇത്രയും സംഭ്രമജനകമായ, ബോംബ് പൊട്ടി ഒരാൾ കൊല്ലപ്പെട്ടപ്പോൾ പിറ്റേ ദിവസം ചൂടോടുകൂടിത്തന്നെ ആ സംഭവത്തിന്റെ ഭയാനകത ചൂണ്ടിക്കാട്ടി ഒരു അടിയന്തിര പ്രമേയം ഉണ്ടാകുമെന്നാണ്. അതുണ്ടായില്ല. ഇപ്പോൾ കാര്യം മനസ്സിലായല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു അടിയന്തിര ചർച്ചയാണ് ആവശ്യമെങ്കിൽ ഞങ്ങൾ തയ്യാറാണ്.

ശ്രീ. എ. കെ. ആന്റണി: കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ അമ്പലക്കുളങ്ങരയിൽ, ഒരു ഓലഷെഡ്ഡിൽ അനധികൃത നാടൻ ബോംബ് നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കെ 14-7-2004 വൈകുന്നേരം അഞ്ചര മണിയോടുകൂടി ബോംബ് പൊട്ടിത്തെറിച്ച് മൂന്ന് പേർക്ക് ഗുരുതരമായി പരിക്കേറ്റു. അവരിൽ നെട്ടൂർ വടക്കുംചാൽ വീട്ടിൽ നാണുവിന്റെ മകൻ 30 വയസ്സുള്ള ശശി

LIBRARY ARCHIVES Kerala Legislative Assembly

മരണപ്പെട്ടു. ഗുരുതരമായി പരിക്കു പറ്റിയ അമ്പലക്കുളങ്ങര കല്ലുനിരയിൽ വീട്ടിൽ ലിജേഷ്, അമ്പലക്കുളങ്ങര മിതേൽ വീട്ടിൽ ദിനേശ് എന്നിവരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോയി. സ്ഫോടകവസ്തു നിരോധന നിയമപ്രകാരം ക്രൈം 211/2004-ാം നമ്പരായി കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പടക്ക നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന മൂന്ന് പേരും സി.പി.ഐ.(എം) പ്രവർത്തകരാണ്. ചികിത്സയിൽ കഴിയുന്ന ലിജേഷ് 2004 ഏപ്രിൽ മാസം 4-ാം തീയതി കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരനായിരിക്കെ ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകരാൽ കൊല്ലപ്പെട്ട സി.പി.എം. പ്രവർത്തകൻ രവീന്ദ്രന്റെ അനന്തരവനാണ്. കൂടാതെ 'ബോംബ് നിർമ്മാണം നടത്തിക്കൊണ്ടിരുന്ന താൽക്കാലിക ഷെഡ്ഡിന്റെ ഉടമസ്ഥൻ രാജന്റെ മകനുമാണ്. ലിജേഷിനെതിരെ കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ 323-324/34 ഐ.പി.സി. പ്രകാരം ക്രൈം 14/2004-ാം നമ്പറായി ഒരു കേസ് നിലവിലുണ്ട്. ഈ കേസ് പോലീസ് ഊർജ്ജിതമായി അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്, രാഷ്ട്രീയ കക്ഷികളും കൂടി സഹകരിച്ചില്ലെങ്കിൽ ബോംബ് നിർമ്മാണത്തേയും മാഫിയാ സംഘത്തേയും പൂർണ്ണമായും നിയന്ത്രിക്കാൻ സാധ്യമല്ല എന്ന്. നാദാപുരത്ത് ഇപ്പോഴും ഒരു പ്രത്യേക രാഷ്ട്രീയകക്ഷിയുടെ പ്രവർത്തകരെയാണ് ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട് പിടികൂടിയിരിക്കുന്നത്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ എല്ലാവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, വയനാട് ജില്ലയിലെ ദുരിതം അനുഭവിക്കുന്ന കൃഷിക്കാർക്ക് ഒരു പാക്കേജ് നൽകുന്നതിനെ സംബന്ധിച്ച് ശ്രീ. എം. വി. ജയരാജൻ ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്. അതു നാളത്തേയ്ക്കു പോസ്റ്റു ചെയ്തിട്ടുണ്ട്. നാളെ ഇതു സംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് ഗവൺമെന്റ് നടത്തുന്നതാണ്.

(3) തിരുവനന്തപുരം-ചെങ്കോട്ട റോഡിലെ ഇരുമ്പ് പാലം അപകടാവസ്ഥയിലായത് സംബന്ധിച്ച്

ശ്രീ. പിരപ്പൻകോട് മുരളി : സർ, തിരുവനന്തപുരം ചെങ്കോട്ട റോഡിൽ 38-ാംകിലോമീറ്ററിനു സമീപമുള്ള ഇരുമ്പ് പാലം ഏതാണ്ട് നൂറ് വർഷം പഴക്കമുള്ളതാണ്. ഈ പാലം അങ്ങേയറ്റം അപകടാവസ്ഥയിലാണ്. ബ്രിട്ടീഷ് എഞ്ചിനീയേഴ്സിന്റെ സ്കിൽ അനുസരിച്ച് നിർമ്മിച്ച ഈ പാലത്തിന്റെ ഗർഡർ മുഴുവൻ തുരുമ്പിച്ച് ഏത് നിമിഷവും നിലംപൊത്താവുന്ന ഒരവസ്ഥയാണുള്ളത്. അതുകൊണ്ട് അടിയന്തിരമായി താൽക്കാലിക പാലം നിർമ്മിച്ച് ലൈറ്റ് വെഹിക്കിൾസിനുമാത്രം പോകാനുള്ള സൗകര്യമുണ്ടാക്കുകയും പുതിയ പാലം നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പാലത്തിന്റെ പണി നടക്കുന്നയവസരത്തിൽ ഗതാഗതം തിരിച്ചുവിടാവുന്ന ഏക റൂട്ട് പാലോട്-മൈലമൂട്-ഭരതന്നൂർ വഴി എക്സ്സർവ്വീസ്മെൻ കോളനിയാണ്. പക്ഷേ അവിടെയുള്ള ഒരു കുരുക്ക്, നാല് വർഷമായി മൈലമൂട് പാലത്തിന്റെ പണി സ്തംഭനാവസ്ഥയിലാണ് എന്നുള്ളതാണ്. ഇനി വളരെക്കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly